# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### കിഡ്നി ചികിത്സ നല്കുന്ന സൗകര്യങ്ങളുടെ അപര്യാപ്തത

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 678 12.6.2013 - ൽ മറുപടിയ്ക്ക്

ചോദ്യം മറുപടി

| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കിഡ്നി രോഗികളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഈ സ്ഥിതിയിലും സർക്കാർ ആശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് കിഡ്നി ചികിത്സ നല്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുള്ള കാര്യം അറിയുമോ; | ബി) & സി) | സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഹീമോ ഡയാലിസിസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഡയാലിസിസ് നടത്തുന്നതിനായി 2 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന കാരുണ്യ ബനവലന്റ് സ്കീം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കി വരുന്നു. കൂടാതെ എല്ലാ ജില്ലാ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിലും തുടർ ഡയാലിസിസിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും നിലവിലുള്ള ചികിത്സാ സൌകര്യങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത് കൂടുതൽ സർക്കാർ ആശുപത്രികളിൽ കിഡ്നിരോഗ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |
| സി) | സംസ്ഥാനത്തെ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസിനുള്ള സൗകര്യം നിലവിലുണ്ട്; | | |

| | | | |
|---|---|---|---|
| ഡി) | രോഗികളുടെ വർദ്ധന കണക്കിലെടുത്ത് കൂടുതൽ ആശുപത്രികളിൽ ഈ സൗകര്യം ഏർപ്പെടുത്തുമോ; | ഡി) | 5.2..2013 - ലെ ജി.ഒ (ആർ.റ്റി) 114/2013/റ്റി.ഡി. പ്രകാരം കാരുണ്യ ബനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 27 ആശുപത്രികളിൽ കൂടി ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ ഉത്തരവായി. |
| ഇ) | വൃക്കരോഗ നിയന്ത്രണകാര്യത്തിൽ ആവശ്യമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമോ? | ഇ) | ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ക രോഗ നിയന്ത്രണത്തിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു |

സെക്ഷൻ ഓഫീസർ